LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം വിശദീകരണ പത്രികകൾ നൽകാൻ ഒരു കാലയളവും നിയമവും അനുശാസിക്കുന്നില്ല. എന്നാൽ ജുഡീഷ്യൽ കമ്മീഷന് അതിന്റെ നടപടിക്രമങ്ങൾ പാലിക്കുവാനും നടപ്പിലാക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ട്. ആ അധികാരം വിനിയോഗിച്ച് പത്രികകൾ സമർപ്പിക്കുവാൻ കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ ഇപ്രകാരം പത്രിക സമർപ്പിക്കാൻ കുറച്ചു സമയം കൂടി നീട്ടിത്തരണമെന്ന് കമ്മീഷന് മുമ്പാകെ അപേക്ഷിക്കുകയും ആ അപേക്ഷ കമ്മീഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ലീഗ് പ്രവർത്തകനായ റഷീദിന്റെ മരണം സംബന്ധിച്ച കേസ്

156 (3788) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ ക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ഒക്ടോബർ-16-ന് അർദ്ധരാത്രി ബൈക്കിൽ പോകവെ കാസർഗോഡ് ജില്ലയിൽ രാവണീശ്വരം മുക്കുട് ജിലാനി നഗറിൽ രാവണീശ്വരം ഇലക്ട്രിക് പോസ്റ്റിൽ ഇടിച്ച് ലീഗ് പ്രവർത്തകനായ റഷീദ് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പരേതന്റെ പിതാവ് തന്റെ മകന്റെ മരണത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പരാതി നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1092/2014 u/s 279, 304 (A) IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പരാതി നൽകിയിട്ടുണ്ട്.

(ഡി) ഇതു സംബന്ധിച്ച് ലഭിച്ച പരാതി കാഞ്ഞങ്ങാട് ഡിവൈ.എസ്.പി.-യുടെ കീഴിൽ ഒരന്വേഷണ സംഘത്തെ നിയോഗിച്ച് അന്വേഷണം നടത്തിവരികയാണ്.